**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **08-10-2021 - ൽ മറുപടിയ്ക്ക്**

**തരിശായിക്കിടക്കുന്ന നെൽവയലുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽവയലുകൾ തരിശായിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ (2019-20) പ്രകാരം , കേരളത്തിൽ നെൽവയലുകൾ ഉൾപ്പെടെ ആകെ 1,04,318 ഹെക്ടർ തരിശു സ്ഥലമുണ്ട്. ഇതിൽ 57,387 ഹെക്ടർ സ്ഥലം തന്നാണ്ടിലെ തരിശുസ്ഥലമാണ് (Current fallow). നെൽവയലുകളുടെ മാത്രമായ പ്രത്യേക കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | നെൽവയലുകൾ തരിശാക്കിയിടുന്നത് തടയാൻ നിലവിൽ നിയമമുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (ബി) | ഉണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 - വകുപ്പ് (15), (16) പ്രകാരം, കൃഷി ഇറക്കാതെ തരിശ് ഇട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ, പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്. |
| (സി) | തരിശാക്കിയിടുന്ന നെൽവയലുകൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് കൃഷിചെയ്യുന്നതിനുള്ള നിയമപരമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) | ഉണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ, ആക്ട് 2008 വകുപ്പ് (16) പ്രകാരം തരിശ് നിലങ്ങളിൽ കൃഷിചെയ്യുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. തരിശ് നിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് 35,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും ഉൾപ്പടെ ഹെക്ടറിന് ആകെ 40,000/- രൂപയുടെ ആനുകൂല്യം കൃഷി വകുപ്പ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ